# നിഴലിനൊപ്പം

നിഴലിന്നൊരേ നിറം
നിറമുള്ള പൂവിനും
അഴകുള്ള മയിലിനും
നിഴലിനൊന്നേയുള്ളു വർണ്ണം
വെളുത്ത സായിപ്പിനും
കറുത്ത സായിപ്പിനും
നിഴലിന്നൊരേയൊരു വർണ്ണം
നിശൂന്യത
ചുമലേറ്റി നിൽക്കും
ഒരേ ശ്യാമവർണ്ണം.
നടക്കുമ്പോൾ കൈയാട്ടി-
യൊപ്പം നടക്കും
ഇരിക്കുമ്പോൾ, നിൽക്കുമ്പോൾ
ഒരേ ചേഷ്ടകൾ
എന്നെ കളിയാക്കിടുന്ന പോൽ!
ഞാനെന്നരൂപവും വെളിച്ചവും
സംഗമിച്ചാകെയിരുളാർന്നു
പിറന്നതല്ലേ?
നിഴലാണ്,
നീണ്ടുവരുന്ന മോഹങ്ങളാ-
ണിടയിൽ കുറുകി
മുരടിച്ചു പോകുമെൻ
വിഫലവ്യാമോഹ
മൊളിച്ചിരിക്കാറുള്ളൊരിടമാണ്
തണുവാ,ണഭയസങ്കേതമാ-
ണിരുമുട്ടിലിഴയുന്ന നാൾ മുതൽ
കൂടെയുണ്ടടിതെറ്റി വീഴു-
മനാഥകാലം വരെ.
നിഴലേ, തുണയുണ്ടായിരുന്നുള്ളു
വീഴ്ചയിൽ
അറിവിന്റെ കൈപിടി
ച്ചൊന്നെണീപ്പിക്കുവാൻ,
അലിവിൻ കരങ്ങളാൽ
കണ്ണീർ തുടക്കുവാൻ
തനിയേനടന്നു പോമുയിരിനെ
വിളിയാതെ
പിന്തുടരുന്നതും നീയല്ലെ
പഴികളെല്ലാം കേട്ട്
തെറിവാക്കുകൾ  കേട്ട്
പതിയേയടങ്ങിയ
കലിയിൽ മുഖം പൂഴ്ത്തി
പതറിയ വാക്കുകൾ വിഴുങ്ങി,
പരാജയഭീതിതൻ
നടുവിൽ മുഖം താഴ്ത്തി
നടകൊള്ളുമെന്റെയീ
പരിക്ഷീണ ജീവനെ
വിമൂകം അവിച്ഛിന്ന-
മനുഗമിക്കും പ്രിയ, നിഴലിനേ-
യെന്നെക്കുറിച്ചുള്ളു സങ്കടം.
വെളിച്ചത്തിലേക്കുള്ള
നടയിലെല്ലായ്പ്പോഴും
പിറകിലല്ലേനിഴൽ,
ചെറുതാകയില്ലേ?
അകലുമ്പോൾ മുന്നിൽ
വളർന്നു വലുതായ്
ഭയപ്പെടുത്തില്ലേ?
മഹാകാരമപ്പോൾ
വെളിപ്പെടുത്തില്ലേ!
അതിഗൂഢമാകുമൊ-
രദ്വൈതദർശനം
അറിവിൻ നെറുകയിൽ
പകർന്നു തന്നീടിലും
പറയാതിരിക്കുവാൻ വയ്യ,
ഈ വേളയിൽ
നിഴലേയുണ്ടായിരുന്നുള്ളു കൂടെയീ
വഴിയിലെമ്പാടുമെൻ
കണ്ണീർ തുടയ്ക്കുവാൻ.